33

# എന്റെ ക്രൂശ്

**മത്തായി 10:37-39; 16:24-26; മർക്കൊസ് 8:34-37; ലൂക്കൊസ് 9:23-25; 14:26, 27; റോമർ 6:1-11; ഗലാത്യർ 2:20, 21; 6:14; ഫിലിപ്പിയർ 1:21**

*"'തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല'" (മത്തായി 10:38).*

യേശുവിനു തന്റെ ക്രൂശുണ്ടായിരുന്നു, നിങ്ങൾക്കു നിങ്ങളുടേതും, എനിക്കു എന്റേതും ഉണ്ട്. അവന്റേതു ഉയർത്തുവാൻ എളുപ്പമാണ്; നിങ്ങളുടേതും എന്റേതും ഉപേക്ഷിക്കുവാനും എളുപ്പമാണ്. നമ്മുടേത് നാം സ്വീകരിക്കാതെ, അവന്റേതു കൈവശമാക്കുവാൻ നമുക്കു കഴിയുകയില്ല. നമ്മുടെ ക്രൂശുകൾ നാം എടുത്തില്ലെങ്കിൽ, നമ്മുടെ ജീവിതത്തിൽ അവന്റെ ക്രൂശ് വ്യർത്ഥമാകുന്നു. എനിക്കു ലോകത്തെ മാറ്റുവാൻ കഴിഞ്ഞെന്നു വരികയില്ല, എന്നാൽ ദൈവത്തിനു എന്നെ മാറ്റുവാൻ കഴിയും. എനിക്കുവേണ്ടി നീതി വഴിയിൽ നടക്കുവാൻ മറ്റാർക്കും കഴിയുകയില്ല. "വലിയ അവനെ" സ്വീകരിപ്പാൻ "വലിയ എന്നെ" ഞാൻ സമർപ്പിക്കണം. ക്രിസ്തു എന്നിൽ ഉള്ളതാണ് എന്നിലെ തികഞ്ഞ നന്മ (ഗലാത്യർ 2:20, 21). നമുക്കു *പകരമായി* മാത്രമല്ല, എന്നാൽ നമുക്കു *വേണ്ടി* കൂടിയാണ് യേശു ക്രൂശിൽ മരിച്ചത്.

നാം അതുപോലെ, മരിക്കയും, കഷ്ടത ഏല്ക്കുകയും, നമ്മുടെ ക്രൂശുകൾ വഹിക്കുകയും വേണം. അവൻ തന്റേതു വഹിച്ചു; നാമും നമ്മുടേതു വഹിക്കണം. നമുക്കു കൃപാദാനമുണ്ട്, എന്നാൽ നമുക്കു സൽപ്രവൃത്തികളും ഉണ്ടാകണം. കൃപ സമ്പാദിച്ചതല്ല, എന്നാൽ അതിന് നമ്മുടെ പരിശ്രമം ആവശ്യപ്പെടുന്നു. രക്ഷ ഒരിക്കലും "രക്ഷകൻ, അകത്തും, എന്നാൽ, കർത്താവു പുറത്തും" എന്നതല്ല. മാർട്ടിൻ ലൂഥർ രാജാവു, ജൂനിയർ., അനുമോദിച്ചു പറഞ്ഞു, "നാം വഹിക്കുന്ന ക്രൂശിനു പുറകെ നമുക്കു ധരിക്കേണ്ട കിരീടം വരുന്നു."[1] നിങ്ങളുടെ കഴുത്തിനു ചുറ്റുമുള്ള ക്രൂശ് ഒരിക്കലും നിങ്ങളുടെ മുതുകിലെ കുരിശിനു പകരം ആവുകയില്ല.

"വില കുറഞ്ഞ കൃപയും," വില കുറഞ്ഞ ക്രൂശുകളും ഇല്ല. സഹിക്കുന്നതു എളുപ്പമാണ്, എന്നാൽ യഥാർത്ഥ ക്രിസ്തീയ സ്നേഹം പരി

ശീലിക്കുന്നതു വിലയുള്ളതാകുന്നു.

നമുക്കു വേദഭാഗത്തിലേക്കു തിരിച്ചു പോകാം: “എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ നിഷേധിച്ചു, നാൾതോറും തന്റെ ക്രൂശ് എടുത്തും കൊണ്ടു എന്നെ അനുഗമിക്കട്ടെ” (ലൂക്കൊസ് 9:23; നോക്കുക മത്തായി 16:24; മർക്കൊസ് 8:34). എന്റെ ക്രൂശ് എടുക്കുക എന്നാൽ എന്താണർത്ഥം?

(1) *എന്റെ ക്രൂശ് പ്രത്യേകതയുള്ളതാണ്.* യേശു ആവശ്യപ്പെട്ടവയിൽ വെച്ചു ഏറ്റവും വലിയ കല്പനയാണ് തന്റെ ക്രൂശ് എടുക്കുവാൻ ആവശ്യപ്പെട്ടത്. അവന്റെ നിബന്ധന സൈദ്ധാന്തികവും, താങ്ങാൻ കഴിയാത്തതും, കല്പിക്കുന്നതും, നിത്യമായ ശക്തി ഉള്ളതുമാണ്. യേശു പറഞ്ഞതു നിങ്ങൾ ഒന്നുകിൽ “അകത്ത്” അല്ലെങ്കിൽ “പുറത്ത്” എന്നാണ്. അവൻ “എങ്കിൽ, ഉം, അല്ലെങ്കിൽ എന്നാൽ” എന്നൊന്നും നല്കിയിട്ടില്ല. അവൻ പറഞ്ഞു, “തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവൻ ആരും എന്റെ ശിഷ്യനായിരിപ്പാൻ യോഗ്യനല്ല” (ലൂക്കൊസ് 14:27). അവൻ പറഞ്ഞു, “അങ്ങനെ തന്നേ, നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടു പിരിയുന്നില്ല എങ്കിൽ അവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല” (ലൂക്കൊസ് 14:33). ക്രൂശ് മരണത്തിനായി വിളിക്കുന്നു. നമ്മുടെ സ്വാർത്ഥതയും പാപവും സമൂഹവും മരിക്കണം. ക്രൂശുകൾ വിലയുള്ളതാണ്. അടിസ്ഥാനപരമായി, നമുക്കു മൂന്നു പ്രശ്നങ്ങളാണുള്ളത്: “ഞാൻ, എനിക്ക്, എന്റെ.” അവ മൂന്നിനുമായി നാം മരിക്കണം! ക്രൂശിനെ കുറിച്ച് ആഴത്തിലുള്ള കാഴ്ച്ചപ്പാടില്ലാത്തതിന്റെ ഫലമാണ് ബലഹീനരായ ക്രിസ്ത്യാനികൾ. ക്രൂശിനെ നമുക്കു വിട്ടുവീഴ്ച്ച ചെയ്യുവാൻ സാധ്യമല്ല. ക്രിസ്തീയ ജീവിതം എപ്പോഴും എളുപ്പവും സന്തോഷകരവുമാകയില്ല. നാം വില കൊടുക്കുമോ? നാം നമ്മെത്തന്നെ മരിപ്പിക്കുമോ? നാം നമുക്കുവേണ്ടി നമ്മുടെ അവകാശങ്ങളെ ഉപേക്ഷിക്കുമോ? യേശു കർത്താവാണ്. നാം നഷ്ടപ്പെട്ട പാപികൾ ആണെന്ന് സമ്മതിക്കുകയും നമ്മുടെ അനുസരണമുള്ള വിശ്വാസം അവനിൽ അർപ്പിക്കുകയും വേണം.

നാം ദൈവത്തിൽ വിശ്വസിക്കേണ്ടത് ആവശ്യമാണെന്ന് നമുക്ക് അറിയാം. ദൈവം നമ്മിൽ വിശ്വസിക്കുന്നു എന്നും നാം അറിയേണ്ടതുണ്ട്. ലേഖനങ്ങളെ അതിജീവിക്കുവാനുള്ള ശക്തി സുവിശേഷങ്ങളിലെ ക്രൂശിന്റെ സംഭവങ്ങളിൽ കാണാം. നാം താല്ക്കാലിക മോചിതർ അല്ല - ക്ഷമിക്കപ്പെട്ടവരാണ്. കുറ്റവാളികളായി ജീവിക്കുവാനല്ല നാം രക്ഷിക്കപ്പെട്ടത്. ദൈവം നമ്മിൽ “തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുവാൻ” വസിക്കുന്നു എന്ന കാര്യം നാം മറക്കരുത് (ഫിലിപ്പിയർ 2:13). ക്രിസ്ത്യാനികൾ മാനപാത്രങ്ങളായി തീരണം (2 തിമൊഥെയൊസ് 2:20, 21). ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം നാം ഓരോരുത്തരും നിലനിർത്തുകയും വളർത്തുകയും വേണം. നമുക്ക് സംശയത്തിൽ ജീവിച്ചു വിശ്വാസത്തെ പരിശോധിച്ചുനോക്കുവാൻ സാധ്യമല്ല. നാം സംശയത്തെ ഉപേക്ഷിച്ചു വിശ്വാസത്തിൽ ജീവിക്കണം.

(2) *എന്റെ ക്രൂശ് ദിവസവും ഉള്ളതാണ്.* “ഓ!” ദിവസവുമോ? ക്രിസ്ത്യാനിത്വം ഒരു നിമിഷമല്ല - ഒരു ജീവിതമാണ്. പൗലൊസ് ചുരുക്കി

പറഞ്ഞു, "... ഞാൻ ദിവസേന മരിക്കുന്നു" (1 കൊരിന്ത്യർ 15:31). ജീവിതം ദിവസേനയുള്ളതാണ് – അതുപോലെയാണ് ക്രിസ്ത്യാനിത്വ വും. നമുക്കു ദിവസവും അപ്പവും (മത്തായി 6:11) ദിവസവും ആത്മി യമായ ആഹാരവും വേണം (പ്രവൃത്തികൾ 17:11; എബ്രായർ 3:13). ആദ്യ സഭയ്ക്കു ദിവസേന ചേർക്കൽ നടന്നിരുന്നു (പ്രവൃത്തികൾ 2:47; 16:5). ഒരു പാപിക്കു, രക്ഷ ലഭിക്കുന്നതിനുവേണ്ടി, സ്വയം മരിച്ചു തന്റെ ക്രൂശ് എടുത്ത് ദിവസേന അവനെ അനുഗമിക്കണം. അവ ഒരു പ്രവൃത്തിയല്ല, പ്രത്യേകമായ രണ്ടു പ്രവൃത്തികളാണ്. "സ്വയം – ത്യ ജിക്കൽ" എന്നതിനെ "ക്രൂശ് – വഹിക്കൽ" എന്നതുമായി സമ്മിശ്രമാ ക്കരുത്.

ദിവസേന നമുക്കു പുതിയ പാപമോചനം ആവശ്യമാണ്. ഇന്നലത്തെ പാപമോചനം ഇന്നത്തേക്കോ അല്ലെങ്കിൽ നാളത്തേക്കോ ഇല്ല. പരി വർത്തനത്തിൽ നാം ഒരിക്കൽ മരിച്ചു എല്ലായ്പ്പോഴും മരിച്ച അവസ്ഥ യിലായിരിക്കുന്നില്ല. ദിവസേനയുള്ള മരണം ദിവസേനയുള്ള തിരഞ്ഞെ ടുപ്പാണ്. നാം ക്രിസ്തുവിനോടുകൂടെ ദിവസേന ക്രൂശിക്കപ്പെട്ടു ജീവി ക്കേണ്ട ക്രിസ്ത്യാനികൾ ആയിത്തീരണം. ക്രിസ്ത്യാനികളായി, നാം ...

... ഒരു ദിശമാത്രം നേരിടുന്നു.
... ഒരിക്കലും പുറകോട്ടു നോക്കുവാൻ പാടില്ല.
... ഇനി നമ്മുടേതായ പദ്ധതികൾ ഇല്ല.
... ക്രിസ്തു ചിന്തിക്കുന്നതായ മനസ്സുകൾ വേണം.
... ക്രിസ്തു സ്നേഹിക്കുന്നതായ ഹൃദയങ്ങളുമായി.
... ക്രിസ്തു സംസാരിക്കുന്ന ശബ്ദത്തിൽ സംസാരിക്കുക.
... ക്രിസ്തു സേവിക്കുന്ന ശരീരം മുഖാന്തരം സേവിക്കുക.

നിങ്ങളേക്കാൾ അത് ആവശ്യമുള്ള മറ്റൊരാളെ കാണുന്നതുവരെ നിങ്ങ ളുടെ ക്രൂശ് ചുമക്കുക – പിന്നെ അയാൾക്ക് അതു നല്കുക. (നിങ്ങൾ ഒരിക്കലും അതു ചെയ്യുകയില്ല.)

(3) *എന്റെ അനേക ഭാരങ്ങളിൽ ഒന്നല്ല എന്റെ ക്രൂശ്.* അനേകർ വിചാരിക്കുന്നതു, "ഞാൻ ചുമക്കേണ്ട കുരിശാണ് ഈ ഭാരം" എന്നാണ്. യേശു പറഞ്ഞതു "ക്രൂശുകൾ" എന്നല്ല, "ക്രൂശ്," എന്നാണ്. നാം "എടു ക്കേണ്ട" ഒന്നാണ്, ക്രൂശ്, നാം "ധരിക്കേണ്ട" ഒന്നല്ല. ഇത്തരം ചിന്തകൾ ക്രിസ്ത്യാനികളെ ഇരകളാക്കി ചുരുക്കുന്നു. തിരുവെഴുത്തുകളിൽ കൂടു തൽ "സ്വയം – നിറഞ്ഞു" നില്ക്കുന്ന വേദവാക്യമാണ് ഗലാത്യർ 2:20, 21; തിരുവെഴുത്തുകളിൽ കൂടുതൽ "സ്വയം – കീഴ്പ്പെടുത്തിയ" വേദ വാക്യവുമാണത്. ആ വേദഭാഗത്തിൽ എട്ടു വ്യക്തിപരമായ സർവ്വ നാമ ങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. "ഞാൻ" എന്നു അഞ്ചു പ്രാവശ്യം കാണാം; "എന്നെ" എന്നു മൂന്നു പ്രാവശ്യം കാണാം. എന്താണ് വലിയ വിരോധാ ഭാസം? സ്വയം – ക്രൂശീകരണം വാസ്തവത്തിലുള്ള ജീവിതം കൊണ്ടു വരുന്നു. മരിച്ച ആളെ ഉപദ്രവിക്കുവാനോ കൊല്ലുവാനോ ഒരാൾക്കു കഴിയുകയില്ല. നമ്മളിൽ ചിലർ മുഴുവനായും മരിച്ചിട്ടില്ല. എല്ലാറ്റിലും മരിച്ച ആൾക്ക് എന്തും വിട്ടുകളയുവാനുള്ള കഴിവുണ്ട്. ക്രിസ്ത്യാനി

സേവിക്കുവാൻ തുടങ്ങുന്നതിനു മുൻപു മരിക്കണം.

(4) *ക്രൂരമായ രക്തസാക്ഷിത്വമോ ദുഃഖമോ അല്ല എന്റെ ക്രൂശ്.* എന്റെ ക്രൂശ് സന്തോഷത്തെ കാണിക്കുന്നു, വിഷാദാത്മകമായ “നഷ്ടവും നിരാശയും” അല്ല (നോക്കുക യോഹന്നാൻ 15:11–14; റോമർ 14:17; 15:13; എബ്രായർ 12:2; യാക്കൊബ് 1:2; 1 യോഹന്നാൻ 1:4; 3 യോഹന്നാൻ 4). ദുഃഖകരമായി, നാം കുറ്റത്തെ അറിയുന്നുണ്ട്, പക്ഷെ കൃപയെയും നന്ദിയെയും കുറിച്ച് നമുക്ക് അറിയില്ല. സന്തോഷം കൂടാതെ സ്വയ - ത്യാഗത്തെ പഠിപ്പിക്കരുത്. സുവിശേഷ സന്ദേശം സുഖദുഃഖ സമ്മിശ്രമായി ചുരുക്കരുത്. ക്രൂശ് എടുക്കുക എന്നതു ക്രിയാത്മകമാണ്, അല്ലാതെ നിഷേധം അല്ല; അതു ദുഃഖകരമല്ല, സന്തോഷപ്രദമാണ്. അതിന്റെ ഫലമാണ് വിജയകരമായ ജീവിതം, അല്ലാതെ വെറും രക്തസാക്ഷിത്വമല്ല. “ദൈവത്തിന്റെ പാപമോചനത്തിൽ” ജീവിക്കുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്.

(5) *പാപമോചനം സ്വീകരിക്കുന്നതും രക്ഷ മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതുമാണ് എന്റെ ക്രൂശ്.* ക്ഷമിക്കപ്പെട്ടു ജീവിക്കുകയും, മറ്റുള്ളവരോടു ക്ഷമിക്കയും, സ്വയം മരിപ്പിക്കയും ചെയ്തു മറ്റുള്ളവരെ പഠിപ്പിക്കയും സേവിക്കുകയും ചെയ്യുന്നതാണ് എന്റെ ക്രൂശ് എടുക്കൽ വിവക്ഷിക്കുന്നത് (നോക്കുക 1 യോഹന്നാൻ 3:16–18). മറ്റുള്ളവരോടു ക്ഷമിക്കുവാൻ നമ്മെ വിളിക്കുന്നതാണ് ക്രൂശ്. നാം കൊടുക്കുവാൻ മടിക്കുന്നതു നമുക്കു ലഭിക്കുവാൻ സാധ്യമല്ല. ഒരാൾ കൃപ സ്വീകരിക്കുന്നതുവരെ, അയാൾക്കു കരുണ മനസ്സിലാവുകയില്ല.

ഓരോ വ്യക്തിയും അവർ എങ്ങനെ യേശുവിന്റെ യാഗത്തോടു പ്രതികരിക്കും എന്നു തീരുമാനിക്കുമ്പോൾ “ക്രൂശിന്മേൽ അവനവന്റെ പുസ്തകം എഴുതും.” ഞാൻ എന്റേതു എഴുതിയിരിക്കുന്നു; ഇപ്പോൾ നിങ്ങൾ എഴുതുക!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]മാർട്ടിൻ ലൂഥർ കിംഗ്, ജൂനിയർ., “ചലെഞ്ച് ടു ദ ചർച്ചസ് ആന്റ് സിനഗോഗ്സ്,” *ചലെഞ്ച് ടു റിലിജിയൻ*, ഇഡി. മാത്യു ആമാൻ (ചിക്കാഗോ: ഹെൻറി റെജ്നെറി കമ്പനി., 1963), 168.

© 2009 Truth for Today